പിന്നാക്ക വിഭാഗ വികസന വകുപ്പ്
കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020, ഫോൺ : 0495 - 2377786
ഇ-മെയിൽ:bcddcalicut@gmail.com വെബ്സൈറ്റ്-www.bcdd.kerala.gov.in

ബി.സി.ഡി.കെ.കെ.ഡി/85/2024 - എ1 തീയതി :08-08-2024

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ക്ലറിക്കൽ ജോലികൾക്കായി മതിയായ യോഗ്യതകളുള്ള ഒരു ഉദ്യാഗാർത്ഥിയെ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതം കോഴിക്കോട് മേഖലാ ഓഫീസിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി - 24.08.2024.

<u>അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

- കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു/തത്തുല്യം ആയിരിക്കും.
- കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമാണ്.
- മലയാളം ടൈപ്പിംഗ് അഭികാമ്യം.
- സർക്കാർ ഓഫീസുകളിൽ ക്ലറിക്കൽ തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
- 2024 ആഗസ്റ്റ് 1 അടിസ്ഥാനമാക്കി 18 നും 45 നും ഇടയിൽ പ്രായമുള്ളവർ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- ക്ലറിക്കൽ തസ്തികയുടെ താൽക്കാലിക വേതനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി ദിവസങ്ങളിൽ 755/- രൂപ ദിവസവേതന നിരക്കിൽ വേതനം കണക്കാക്കി അനുവദിക്കുന്നതാണ്.
- അപേക്ഷയുടെയും അനുബന്ധരേഖകളുടെയും സൂക്ഷ്മപരിശോധനയും തുടർന്നുള്ള കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.
- സേവനം തൃപ്തികരമല്ലായെങ്കിലോ കൃത്യവിലോപങ്ങൾ ഉണ്ടാകുന്ന പക്ഷമോ ഉടൻ സേവനം അവസാനിപ്പിക്കുന്നതാണ്.

(മറുപുറം)

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)</u>

- പൂരിപ്പിച്ച അപേക്ഷാ ഫോറം.
- ബയോഡേറ്റ.
- വിദ്യാഭ്യാസ, മറ്റ് യോഗ്യതകൾ സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ (എല്ലാ രേഖകളും).
- വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം (എസ്.എസ്.എൽ.സി)
- പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ)
- ആധാർ/ തിരിച്ചറിയൽ കാർഡ്

<u>അപേക്ഷ സ്വീകരിയ്ക്കുന്ന അവസാന തീയതി 24.08.2024, 5 PM</u>

- സമർപ്പിക്കുന്ന രീതി - "അപേക്ഷ പൂരിപ്പിച്ച് bcddcalicut@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, പിൻ - 673020, ഫോൺ - 0495 - 2377786 എന്ന മേൽവിലാസത്തിൽ നേരിട്ടോ ലഭ്യമാക്കേണ്ടതാണ്.
- അവസാന തീയതിയ്ക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഇന്റർവ്യൂ തീയതിയും സമയവും ഇ-മെയിൽ/ടെലിഫോൺ മുഖേന അറിയിക്കുന്നതാണ്.

Signed by
Prabin B
Date: 08-08-2024 14:46:38
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ